# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 763 | 28.09.2011-ലെ മറുപടിക്ക്

## അങ്ങാടിപ്പുറം റൂറൽ വാട്ടർ സ്കീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എ അഹമ്മദ് കബീർ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) അങ്ങാടിപ്പുറം റൂറൽ വാട്ടർ സ്കീം പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ:

(ബി) പദ്ധതി ഈ മാസം കമ്മീഷൻ ചെയ്യാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

(എ) & (ബി) അങ്ങാടിപ്പുറം ശുദ്ധജല വിതരണ പദ്ധതിയ്ക്ക് താഴെപ്പറയുന്ന മൂന്നു ഫേസുകളായാണ് ഭരണാനുമതി ലഭിച്ചത്.

ഭരണാനുമതി തുക

| | |
|---|---|
| ഫേസ് - 1 | 320 ലക്ഷം രൂപ |
| ഫേസ് - 2 | 540 ലക്ഷം രൂപ |
| ഫേസ് - 3 | 705 ലക്ഷം രൂപ |

ഫേസ് - 1 9/2010-ൽ കമ്മീഷൻ ചെയ്തു.

ഫേസ് - 2 ഇതിൽ സോൺ 2, സോൺ 3 എന്നിങ്ങനെ രണ്ടു സോണുകളാണുള്ളത്. സോൺ 2-ൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് എന്നിവയുടെ പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടതായുള്ളത്.

ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെണ്ടറിന് 3/9/11-ൽ കൂടിയ കേരള വാട്ടർ അതോറിറ്റി ബോർഡ് യോഗം സർക്കാർ അംഗീകാരത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. ടെണ്ടർ സർക്കാരിലേയ്ക്കു സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയാവുന്ന മുറയ്ക്ക് സോൺ 2 കമ്മീഷൻ ചെയ്യാവുന്നതാണ്. സോൺ 3

ഗവൺമെന്റിന്റെ നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. പദ്ധതി ഉടൻ കമ്മീഷൻ ചെയ്യാവുന്നതാണ്.

ഫേസ് - 3 - ഗവൺമെന്റിന്റെ നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. പദ്ധതി ഉടൻ കമ്മീഷൻ ചെയ്യാവുന്നതാണ്.

സെക്ഷൻ ഓഫീസർ